**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **11-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടലിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും പരിസരങ്ങളിലും 2024 ജൂലൈ 30-ന് ഉണ്ടായ ഉരുൾപൊട്ടലും മറ്റ് പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയിൽ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ കനത്ത ഉരുൾപൊട്ടലിൽ ഗണ്യമായ പ്രദേശം നശിക്കുകയും നൂറുകണക്കിന് ആളുകൾക്ക് ജീവനും സ്വത്തും നഷ്ടമാകുകയും ചെയ്തു. വെള്ളരിമല വില്ലേജിലെ 10, 11, 12 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളായ പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല, അട്ടമല എന്നീ ഭാഗങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ കൃഷിനാശവും കൃഷിഭൂമിയുടെ നാശവും രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷിവകുപ്പ് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 110 ഹെക്ടറിലെ കൃഷിഭൂമി പൂർണ്ണമായി നശിക്കുകയും ഫെയർ വാല്യൂ കണക്ക പ്രകാരം 5280 ലക്ഷം രൂപയുടെ നഷ്ടം ഉള്ളതായും കണക്കാക്കുന്നു. നഷ്ടപ്പെട്ട കൃഷിഭൂമിയിലെ കൃഷി ഉൾപ്പെടെ 165 ഹെക്ടറിലെ കൃഷി നശിച്ചതായും ഇതിലൂടെ 1130.5 ലക്ഷം രൂപയുടെ കൃഷി നാശം സംഭവിച്ചതായും കണക്കാക്കിയിട്ടുണ്ട്.<br><br>കൂടാതെ 25 ഹെക്ടർ കൃഷി ഭൂമിയിൽ അടിഞ്ഞു കൂടിയ മണ്ണ്, ചെളി, കല്ല്, മരങ്ങളുടെ അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതുമുണ്ട്. വിളനാശത്തിന്റെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.<br><br>എയിംസ് പോർട്ടലിലെ പ്രാഥമിക വിവര കണക്ക പ്രകാരം 1285 കർഷകരുടെ 253 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായും 1489.19 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തെ കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന കുടുംബങ്ങൾ, അവരുടെ കാർഷികോപകരണങ്ങൾ, കാർഷിക | (ബി) | ഉണ്ട്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന 750 കുടുംബങ്ങൾക്ക് ഉരുൾപൊട്ടൽ മൂലം നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.<br><br>ആസ്തി വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | വായ്പകൾ എന്നിവ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരായ ദുരിതബാധിത പ്രദേശത്തെ ഭൂരിഭാഗം ജനങ്ങൾക്കും കാർഷിക യന്ത്രങ്ങളായ ബ്രഷ് കട്ടർ, സ്പ്രേയർ, ചെയിൻ സോ, പമ്പ് സെറ്റുകൾ, മറ്റ് കാർഷിക ഉപകരണങ്ങൾ, തുടങ്ങിയവ നഷ്ടപ്പെട്ടു. നാശനഷ്ടമുണ്ടായ പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു അരീക്കനട്ട് സ്പാത്ത് (കമുക് പാള) പ്ലേറ്റ് നിർമ്മാണ യൂണിറ്റ്, ഒരു മലയോര ഉല്പന്ന സംഭരണ-വില്പന കട (പ്രൈവറ്റ്) എന്നിവയും പൂർണ്ണമായും നശിച്ചു. വീട്ടുകളിൽ സൂക്ഷിച്ചിരുന്ന വിളവെടുത്ത ഉത്പന്നങ്ങളും അവരുടെ വീട്ടുകൾക്കൊപ്പം നഷ്ടപ്പെട്ടു. ജലസേചന-കാർഷിക ഉപകരണങ്ങളുടെ നാശനഷ്ട കണക്ക് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.<br><br><u>കാർഷിക വായ്പകൾ</u><br><br>439 കാർഷിക വായ്പകളിലായി 3722.391765 ലക്ഷം രൂപ കുടിശ്ശിക ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഉരുൾപൊട്ടലിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. ഭൂമി നഷ്ടത്തിനും വിളനാശത്തിനും നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളുടെ ശേഖരണം, പരിശോധന, ശുപാർശ എന്നിവയ്ക്കായി ഒരു ടാസ്ക് ടീം രൂപീകരിച്ചിട്ടുണ്ട്.<br><br>നിലവിലെ സാഹചര്യം പഠിക്കുന്നതിനും പശ്ചിമഘട്ട മേഖലയിൽ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവും പ്രദേശത്തിന് അനുയോജ്യവുമായ ഒരു കാർഷിക രീതി ആവിഷ്കരിക്കുന്നതിനായി കൃഷി, കാർഷിക സർവ്വകലാശാല (KAU), മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത സന്ദർശനം 13.08.2024 ന് നടത്തിയിരുന്നു.<br><br>ദുരന്ത ബാധിതരായ കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടലിൽ പ്രാഥമിക വിവര കണക്കു രേഖപ്പെടുത്തുന്നതിനുള്ള സമയം 15.09.2024 വരെയും, അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 15.10.2024 വരെയും ദീർഘിപ്പിച്ചിട്ടുമുണ്ട്.<br><br>നിലവിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന, കൃഷിനാശം ഉണ്ടായ മുഴുവൻ കർഷകർക്കും ധനസഹായം ലഭിക്കുന്ന-തിനായി AIMS Portal വഴി അപേക്ഷ സമർപ്പിച്ചെന്ന് ഉറപ്പ് വരുത്തുന്നതിനും, ദുരന്ത മേഖലയിലെ കർഷകരുടെ വായ്പ സംബന്ധിച്ച് ലീഡ് ബാങ്ക് മാനേജരുമായി ചേർന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | വയനാട് (മേപ്പാടി) കോഴിക്കോട് (വിലങ്ങാട്) എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ നഷ്ടം സംഭവിച്ച കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി 85.5268736 കോടി രൂപയുടെ ഒരു സമഗ്ര പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| വിള നഷ്ടം | | | |
|---|---|---|---|
| ക്രമ നം. | വിളയുടെ പേര് | കൃഷി ഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ) | നഷ്ടത്തിന്റെ ഏകദേശ കണക്ക് (ലക്ഷത്തിൽ ) |
| 1 | കാപ്പി | 65 | 104 |
| 2 | കുരുമുളക് | 20 | 700 |
| 3 | ഏലം | 25 | 175 |
| 4 | തേയില (പ്ലാന്റേഷൻ ഏര്യ ഉൾപ്പെടെ) | 5 | 13.5 |
| 5 | കമുക് | 10 | 25 |
| 6 | തെങ്ങ് | 10 | 16.5 |
| 7 | വാഴ | 15 | 61.5 |
| 8 | ഫല വൃക്ഷങ്ങൾ | 5 | 12.5 |
| 9 | മറ്റുവിളകൾ (ഇഞ്ചി, പച്ചക്കറികൾ മുതലായവ) | 10 | 22.5 |
| ആകെ | | 165 | 1130.5 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - II

| ജലസേചന-കാർഷിക ഉപകരണങ്ങളുടെ നാശനഷ്ട കണക്ക് | | | |
|---|---|---|---|
| ക്രമ നം. | കാർഷിക ഉപകരണങ്ങളുടെ പേര് | എണ്ണം | നഷ്ടത്തിന്റെ ഏകദേശ കണക്ക് (ലക്ഷത്തിൽ ) |
| 1 | വീഡ് കട്ടർ | 80 | 20 |
| 2 | സ്പ്രേയർ | 150 | 4.5 |
| 3 | ചെയിൻ സോ | 18 | 4.5 |
| 4 | മറ്റുപകരണങ്ങൾ | 750 | 3.75 |
| 5 | പമ്പ്സെറ്റ് | 200 | 40 |
| ആകെ | | 1198 | 72.75 |

സെക്ഷൻ ഓഫീസർ